# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4242 | 19/10/2011- ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുവാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | തൊഴിലെടുക്കാൻ താല്പര്യവും സന്നദ്ധതയുമുള്ള എല്ലാവർക്കും പേയ്ഡ് എംപ്ലോയ്മെന്റിനു പകരം സ്വയം തൊഴിൽ പദ്ധതികളാരംഭിക്കുവാൻ വേണ്ടി എംപ്ലോയ്മെന്റ് വകുപ്പ മുഖാന്തിരം 3 സ്വയം തൊഴിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## KESRU (Kerala State Self Employment Scheme for the Registered Unemployed)

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിനടപ്പാക്കുന്ന ഒരു സ്വയം തൊഴിൽ പദ്ധതിയാണ്. പദ്ധതി പ്രകാരം 1,00,000/- രൂപ വരെ ബാങ്ക് വായ്പ അനുവദിക്കുകയും വായ്പ്പാ തുകയുടെ 20% സബ്സിഡിയായി സർക്കാർ എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തിരം വിതരണം നടത്തുകയും ചെയ്യുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21 നും 50 നും മദ്ധ്യേ പ്രായമുള്ളതും വാർഷിക കുടുംബവരുമാനം 40,000/- രൂപയിൽ കവിയാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

## MPSC/JC (multi purpose Service Centres/Job Club)

വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിച്ച് സ്വയം തൊഴിൽ ക്ലബ്ബ് രൂപീകരിച്ച് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും, വാർഷിക കുടുംബവരുമാനം 50000/- രൂപയിൽ കവിയാത്ത 21-നും 40 നും മദ്ധ്യേ പ്രായമുള്ള തൊഴിൽ രഹിതർക്ക് പദ്ധതി പ്രകാരം ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. SC/ST വിഭാഗക്കാർക്ക് 5 വർഷവും OBC വിഭാഗക്കാർക്ക് 3 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്. പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് പരമാവധി 10,00,000/- രൂപ വായ്പ അനുവദിക്കുന്നതാണ്. പദ്ധതിചെലവിന്റെ 25% പരമാവധി 2,00,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നതാണ്.

## ശരണ്യാ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ, പട്ടികവർഗ്ഗത്തിലെ

ആരംഭിച്ചിട്ടുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്. ഇത് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതിയാണ്. പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000/- രൂപ പലിശരഹിത വായ്പ അനുവദിക്കുന്നതാണ്. വായ്പ തുകയുടെ 50 % സബ്സിഡിയായി അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ